"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം - സീനിയർ ഗവൺമെന്റ് പ്ലീഡറെയും, ഗവൺമെന്റ് പ്ലീഡർമാരെയും - നിയമിച്ച് ഉത്തരവാകുന്നു.

നിയമ (ഇൻസ്പെക്ഷൻ) വകുപ്പ്

സ.ഉ.(കൈ) നം.86/2023/LAW തീയതി,തിരുവനന്തപുരം, 24-08-2023

പരാമർശം:-

1. 28.01.1978-ലെ സ.ഉ(കൈ) 11/1978/നിയമം നമ്പർ ഉത്തരവ്.
2. 23-12-2021 തീയതിയിലെ സ.ഉ (കൈ)78/ 2021/നിയമം നമ്പർ ഉത്തരവ്
3. 18-06-2020 തീയതിയിലെ സ.ഉ(കൈ)46/2020 /നിയമം നമ്പർ ഉത്തരവ്
4. 16.08.2023തീയതിയിലെ സ.ഉ (കൈ)78/2023/നിയമം നമ്പർ ഉത്തരവ്
5. അഡ്വക്കേറ്റ് ജനറലിന്റെ 02-08-2023 തീയതിയിലെ SS-GK-2/2021/AG നമ്പർ കത്ത്.

ഉത്തരവ്

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സീനിയർ ഗവൺമെന്റ് പ്ലീഡറായ അഡ്വ. എസ്.ഷാജിയുടെ സേവന കാലാവധി അവസാനിച്ചതിനെ തുടർന്ന് പരാമർശം (4) ഉത്തരവ് പ്രകാരം ടിയാനെ തുടരാൻ അനുവദിച്ചിട്ടുള്ളതാണ്. പ്രസ്തുത തസ്തികയിലേക്ക് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഗവൺമെന്റ് പ്ലീഡറായി നിലവിൽ പരാമർശം (2) പ്രകാരം സേവനം അനുഷ്ഠിക്കുന്ന അഡ്വ. ശ്രീജ തുളസിയെ സീനിയർ ഗവൺമെന്റ് പ്ലീഡറായി നിയമിക്കണമെന്ന് പരാമർശം (5) പ്രകാരം അഡ്വക്കേറ്റ് ജനറൽ ശിപാർശ ചെയ്തിട്ടുള്ളതാണ്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ ഗവൺമെന്റ് പ്ലീഡർമാരായ അഡ്വ. രാഹുൽ.എം, അഡ്വ. എസ്.എസ്. രാജീവ് എന്നീ അഭിഭാഷകരുടെ സേവന കാലാവധി അവസാനിച്ചതിനെ തുടർന്ന് പരാമർശം (4) പ്രകാരം ടിയാളുകളെ തുടരാൻ അനുവദിച്ചിട്ടുള്ളതാണ്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഗവൺമെന്റ് പ്ലീഡറായ അഡ്വ. ശ്രീജ തുളസിയെ സീനിയർ

ഗവൺമെന്റ് പ്ലീഡറായി നിയമിക്കുന്നതിനെത്തുടർന്നുണ്ടാകുന്ന ഒരു ഒഴിവിലേക്കും ഗവൺമെന്റ് പ്ലീഡർമാരായ അഡ്വ. രാഹുൽ.എം, അഡ്വ. എസ്.എസ്. രാജീവ് എന്നീ അഭിഭാഷകരുടെ സേവന കാലാവധി അവസാനിച്ചതിനെ തുടർന്നുണ്ടായ 2 ഒഴിവുകൾ ഉൾപ്പെടെ 3 ഗവൺമെന്റ് പ്ലീഡർമാരുടെ ഒഴിവിലേക്ക് നിയമനം നടത്തുന്നതിലേക്കായി പരാമർശം (5) പ്രകാരം അഡ്വക്കേറ്റ് ജനറൽ പാനൽ അയച്ചു തന്നിട്ടുള്ളതാണ്.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. പരാമർശം (4) പ്രകാരം തുടരാൻ അനുവദിച്ചിട്ടുള്ള സീനിയർ ഗവൺമെന്റ് പ്ലീഡറായ അഡ്വ. എസ്.ഷാജി, ഗവൺമെന്റ് പ്ലീഡർമാരായ അഡ്വ. രാഹുൽ.എം, അഡ്വ. എസ്.എസ്. രാജീവ് എന്നിവരുടെ കാലാവധി അവസാനിപ്പിച്ചും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഗവൺമെന്റ് പ്ലീഡറായ അഡ്വ. ശ്രീജ തുളസിയെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സീനിയർ ഗവൺമെന്റ് പ്ലീഡറായും, അഡ്വക്കേറ്റ് ജനറൽ അയച്ചു തന്നിട്ടുള്ള പാനലിൽ നിന്നും അഡ്വ. രാഹുൽ എം., ബി. -17, ആതിര, കവടിയാർ ഗാർഡൻസ്, കവടിയാർ. പി.ഒ., തിരുവനന്തപുരം. അഡ്വ. പ്രവീൺ. സി.പി., പാവൂർ വീട്, കോർട്ട് റോഡ്, ഫോർട്ട്, നെയ്യാറ്റിൻകര – 695121, അഡ്വ. അജിത്ത്മോഹൻ എം.ജെ, പത്മനാഭം, കൊല്ലോട്. പി.ഒ., മലയിൻകീഴ് - 695571. എന്നീ അഭിഭാഷകരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഗവൺമെന്റ് പ്ലീഡർമാരായി മൂന്ന് വർഷത്തേക്കോ 60 വയസ് പൂർത്തിയാകുന്നതുവരെയോ ഏതാണോ ആദ്യം, അതുവരെ നിയമനം നൽകി ഇതിനാൽ ഉത്തരവാകുന്നു.

പ്രസ്തുത അഭിഭാഷകരുടെ ജോലിയും സേവന വേതന വ്യവസ്ഥകളും 1978-ലെ കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K.G SANAL KUMAR
നിയമ സെക്രട്ടറി

പകർപ്പ്:-

1. അഡ്വ. ശ്രീജ തുളസി, ഗവ. പ്ലീഡർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ , തിരുവനന്തപുരം ( അഡ്വക്കേറ്റ് ജനറൽ മുഖാന്തിരം)
2. അഡ്വ. രാഹുൽ എം., ബി. -17, ആതിര, കവടിയാർ ഗാർഡൻസ്, കവടിയാർ. പി.ഒ., തിരുവനന്തപുരം.
3. അഡ്വ. പ്രവീൺ. സി.പി., പാവൂർ വീട്, കോർട്ട് റോഡ്, ഫോർട്ട്, നെയ്യാറ്റിൻകര — 695 121.
4. അഡ്വ. അജിത്ത്മോഹൻ എം.ജെ, പത്മനാഭം, കൊല്ലോട്. പി.ഒ., മലയിൻകീഴ് - 695571.

5. അഡ്വ. എസ്. ഷാജി, സീനിയർ ഗവ. പ്ലീഡർ
6. അഡ്വ. എസ്. എസ്. രാജീവ്, ഗവ. പ്ലീഡർ
7.അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
8 രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം.
9. രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം
10 പൊതുഭരണ (എസ്.സി) വകുപ്പ് (23-08-2023 തീയതിയിലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം നം. 1741)
11. ബഹു. മുഖ്യമന്ത്രിയുടെ പി.എസ്.
12. ബഹു.നിയമം, കയർ വികസനം, വ്യവസായം, വകുപ്പ് മന്ത്രിയുടെ പി.എസ്.
13. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ &ഇ), കേരള തിരുവനന്തപുരം.
14. നിയമ സെക്രട്ടറിയുടെ പി.എ.
15. ജില്ലാ /സബ് ട്രഷറി ഓഫീസർ, എറണാകുളം
16. ജില്ലാ /സബ് ട്രഷറി ഓഫീസർ, തിരുവനന്തപുരം
17. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ & പി.ആർ.ഡി.
18. അഡീഷണൽ നിയമ സെക്രട്ടറിയുടെ (ഇൻസ്പെക്ഷൻ) സി.എ
19. നിയമ (നോഡൽ) വകുപ്പ്.
20. നിയമ (മോണിറ്ററിങ്) വകുപ്പ്.
21. സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Aananth N B
Date: 24-08-2023 19:07:31
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 23-08-2023

ഫയൽ നം. 117/ഇൻസ്പെ.1/2023/നിയമം. ഇനം നം: 1741

വിഷയം : നിയമ വകുപ്പ് - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സീനിയർ ഗവൺമെന്റ് പ്ലീഡറുടെയും ഗവൺമെന്റ് പ്ലീഡർമാരുടെയും നിയമനം - സംബന്ധിച്ച്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

1741

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.117/ഇൻസ്പെ.1/2023/നിയമം |
| 2 | വകുപ്പ് | | നിയമ (ഇൻസ്പെക്ഷൻ) വകുപ്പ് |
| 3 | വിഷയം | : | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സീനിയർ ഗവൺമെന്റ് പ്ലീഡറുടെയും ഗവൺമെൻറ് പ്ലീഡർമാരുടെയും നിയമനം - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 14-08-2023 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ, ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?<br>ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അല്ല<br>ഇല്ല<br>ഇല്ല |
| 6 | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ആർ. സുരേഷ് ബാബു |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ.ജി. സനൽകുമാർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 21/08/2023 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വേണു വി. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 21/08/2023 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 21 /08/2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 22/08/2023 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ തിരുവനന്തപുരം സീനിയർ ഗവൺമെന്റ് പ്ലീഡറുടെയും ഗവൺമെൻറ് പ്ലീഡർമാരുടെയും നിയമനം സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സീനിയർ ഗവൺമെന്റ് പ്ലീഡറായ അഡ്വ. എസ്.ഷാജിയുടെ സേവന കാലാവധി അവസാനിച്ചതിനെ തുടർന്നുണ്ടായ ഒഴിവിലേയ്ക്ക് നിലവിൽ ഗവ. പ്ലീഡറായി സേവനം അനുഷ്ഠിക്കുന്ന അഡ്വ. ശ്രീജ തുളസിയെ സീനിയർ ഗവൺമെന്റ് പ്ലീഡറായി നിയമിക്കണമെന്ന് അഡ്വക്കേറ്റ് ജനറൽ 02-08-2023 തീയതിയിലെ SS-GK-2/2021/AG നമ്പർ കത്ത് പ്രകാരം ശിപാർശ ചെയ്തിട്ടുള്ളതാണ്.

3. കൂടാതെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ ഗവൺമെന്റ് പ്ലീഡർമാരായ അഡ്വ. രാഹുൽ.എം, അഡ്വ. എസ്.എസ്. രാജീവ് എന്നീ അഭിഭാഷകരുടെ സേവന കാലാവധി അവസാനിച്ചതിനെ തുടർന്ന് ഉണ്ടായ 2 ഗവൺമെന്റ് പ്ലീഡർമാരുടെ ഒഴിവിലേയ്ക്കും ഗവൺമെന്റ് പ്ലീഡറായ അഡ്വ. ശ്രീജ തുളസിയെ സീനിയർ ഗവൺമെന്റ് പ്ലീഡറായി നിയമിക്കുമ്പോൾ ഉണ്ടാകുന്ന ഗവൺമെന്റ് പ്ലീഡർ തസ്തിക ഉൾപ്പെടെ 3 ഗവൺമെൻറ് പ്ലീഡർമാരുടെ തസ്തികയിലേയ്ക്ക് പരിഗണിക്കുന്നതിനായി 9 അഭിഭാഷകരുടെ പാനലും മേൽ പരാമർശിച്ച കത്തിനോടൊപ്പം അഡ്വക്കേറ്റ് ജനറൽ അയച്ചു തന്നിട്ടുള്ളതും ആയത് താഴെപ്പറയും പ്രകാരമാണ്.

1. അഡ്വ. രാഹുൽ. എം.,
   ബി. -17, ആതിര, കവടിയാർ ഗാർഡൻസ്,
   കവടിയാർ. പി.ഒ., തിരുവനന്തപുരം.
2. അഡ്വ. പ്രവീൺ. സി.പി.
   പാവൂർ വീട്, കോർട്ട് റോഡ്, ഫോർട്ട്,
   നെയ്യാറ്റിൻകര – 695121.
3. അഡ്വ. അജിത്ത്മോഹൻ. എം.ജെ.
   പത്മനാഭം, കൊല്ലോട്. പി.ഒ.,
   മലയിൻകീഴ് - 695571.
4. അഡ്വ. അജിത്ത് മുരളി,
   ഞാറക്കവേളിൽ ഹൗസ്, ഹൗസ് നം. 248, ബി ബ്ലോക്ക്,
   കുമ്മൻചേരി ജംഗ്ഷൻ, പത്തടിപാലം, എറണാകുളം
5. അഡ്വ. സിനി. എം.സി,
   പവിത്രം, റ്റി.സി. 23/702, വലിയശാല,
   തിരുവനന്തപുരം -695036.

6. അഡ്വ. ജെൽസൺ. ജെ. ഏടംപാടം,
എടംപാടം, വെട്ടിക്കൽ. പി.ഒ., മുളൻതുരുത്തി,
എറണാകുളം -682314.

7. അഡ്വ. അനന്തകൃഷ്ണൻ.റ്റി.കെ., 12 എ, ഡി.ഡി.പ്ലാറ്റിനം,
പ്ലാനറ്റ് കത്തിരികടവ്, കൊച്ചി.

8. അഡ്വ. സന്ദീപ്. ആർ.എൻ.
കേദാരം, മുക്കട, മരുതികുന്ന്,
നവായികുളം. പി.ഒ., തിരുവനന്തപുരം

9. അഡ്വ. വിഷ്ണു ഭുവനേന്ദ്രൻ,
പടിപുര, കാച്ചാണി,
കരകുളം. പി.ഒ., തിരുവനന്തപുരം -695564

4. മേൽപ്പറഞ്ഞ 9 അഭിഭാഷകരിൽ ക്രമ നമ്പർ 1 ആയ അഡ്വ. രാഹുൽ എം., ക്രമനമ്പർ 2 ആയ അഡ്വ. പ്രവീൺ. സി.പി., ക്രമനമ്പർ 3 ആയ അഡ്വ. അജിത്ത്മോഹൻ എം.ജെ. എന്നീ അഭിഭാഷകരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഗവൺമെന്റ് പ്ലീഡറായി നിയമിക്കപ്പെടാൻ ഏറ്റവും യോഗ്യരാണെന്ന് അഡ്വക്കേറ്റ് ജനറൽ അറിയിച്ചിട്ടുണ്ട്.

5. 1978-ലെ കേരളാ ഗവൺമെന്റ് ലാ ആഫീസേഴ്സ് (അപ്പോയിന്റ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഹൈക്കോടതിയിലേയ്ക്ക് ഗവ. ലോ ഓഫീസർമാരെ നിയമിക്കുന്നത് അഡ്വക്കേറ്റ് ജനറൽ അയച്ച തരുന്ന യോഗ്യരായ അഭിഭാഷകരുടെ പാനലിൽ നിന്ന് മന്ത്രിസഭായോഗ തീരുമാനത്തിലൂടെയാണ്.

6. മേൽ സാഹചര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സീനിയർ ഗവൺമെൻറ് പ്ലീഡറായ അഡ്വ. എസ്. ഷാജിയുടെ കാലാവധി അവസാനിച്ച തിനെ തുടർന്ന് ഉണ്ടാകുന്ന ഒഴിവിലേക്ക് നിലവിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഗവൺമെന്റ് പ്ലീഡറായി സേവനമനുഷ്ഠിക്കുന്ന അഡ്വ. ശ്രീജ തുളസിയെ സീനിയർ ഗവൺമെൻറ് പ്ലീഡറായി നിയമിക്കുന്ന വിഷയവും, ടിയാൾക്ക് നിയമനം നൽകുന്ന പക്ഷം ഉണ്ടാവുന്ന ഒരു ഗവൺമെന്റ് പ്ലീഡറുടെ ഒഴിവിലേയ്ക്കും, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ ഗവൺമെന്റ് പ്ലീഡർമാരായ അഡ്വ..രാഹുൽ. എം, അഡ്വ. എസ്.എസ്. രാജീവ് എന്നീ അഭിഭാഷകരുടെ കാലാവധി അവസാനിച്ചതിനെ തുടർന്ന് ഉണ്ടായ 2 ഒഴിവും ഉൾപ്പെടെ ആകെ 3 ഗവൺമെന്റ് പ്ലീഡർമാരുടെ ഒഴിവിലേയ്ക്ക് അഡ്വക്കേറ്റ്

ജനറൽ അയച്ച തന്ന പാനലിൽ നിന്നും ഗവൺമെന്റ് പ്ലീഡർമാരെ നിയമിക്കാവുന്നതാണോയെന്നത് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്ന താണോ എന്നത് സംബന്ധിച്ച് ഉത്തരവാകുന്നതിനായി ഫയൽ ബഹു. നിയമ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ സീനിയർ ഗവൺമെന്റ് പ്ലീഡറായ അഡ്വ. എസ്. ഷാജിയുടെ കാലാവധി അവസാനിക്കുന്ന തിനെ തുടർന്നുണ്ടായ ഒഴിവിലേക്ക് നിലവിൽ ഗവൺമെന്റ് പ്ലീഡറായി സേവനമനുഷ്ഠിക്കുന്ന അഡ്വ. ശ്രീജ തുളസിയെ സീനിയർ ഗവൺമെന്റ് പ്ലീഡറായി നിയമിക്കാവുന്നതാണോ എന്നും ടിയാൾക്ക് നിയമനം നൽകുന്ന പക്ഷം ഒരു ഒഴിവും അഡ്വ. രാഹുൽ എം., അഡ്വ. എസ്.എസ്. രാജീവ് എന്നീ ഗവൺമെന്റ് പ്ലീഡർമാരുടെ കാലാവധി അവസാനിച്ചതിനെ തുടർന്നും ഉണ്ടായ 2 ഒഴിവും ഉൾപ്പെടെ ആകെ 3 ഗവൺമെന്റ് പ്ലീഡർ തസ്തികകളിലേയ്ക്ക് അഡ്വക്കേറ്റ് ജനറൽ അയച്ച തന്ന പാനലിലെ ക്രമ നമ്പർ 1 ആയ അഡ്വ. രാഹുൽ എം., ക്രമനമ്പർ 2 ആയ അഡ്വ. പ്രവീൺ. സി.പി., ക്രമനമ്പർ 3 ആയ അഡ്വ. അജിത്ത്മോഹൻ എം.ജെ. എന്നീ അഭിഭാഷകരെ ഗവൺമെന്റ് പ്ലീഡർമാരായി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിയമിക്കുന്നതാണോ എന്നുമുള്ള വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ 14-08-2023 തീയതിയിൽ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുള്ളതുമാണ്.

**തീരുമാനിക്കേണ്ട സംഗതി**

1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സീനിയർ ഗവൺമെൻറ് പ്ലീഡറായ അഡ്വ. എസ്. ഷാജിയുടെ കാലാവധി അവസാനിച്ചതിനെ തുടർന്ന് ഉണ്ടായ ഒഴിവിലേക്ക് നിലവിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഗവൺമെന്റ് പ്ലീഡറായി സേവനമനുഷ്ഠിക്കുന്ന അഡ്വ. ശ്രീജ തുളസിയെ സീനിയർ ഗവൺമെന്റ് പ്ലീഡറായി മൂന്ന് വർഷത്തേയ്ക്കോ 60 വയസ് പൂർത്തിയാകുന്നതുവരെയോ ഏതാണോ ആദ്യം, അതുവരെ നിയമിക്കാവുന്ന താണോ ?

2. അങ്ങനെയെങ്കിൽ അഡ്വ. ശ്രീജ തുളസിയെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ സീനിയർ ഗവൺമെന്റ് പ്ലീഡറായി നിയമിക്കുന്നതിനെ തുടർന്നും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ അഡ്വ. രാഹുൽ. എം, അഡ്വ. എസ്.എസ്. രാജീവ് എന്നീ ഗവൺമെന്റ് പ്ലീഡർമാരുടെ കാലാവധി അവസാനിച്ചതിനെ തുടർന്നും ഉണ്ടായ 3 ഗവൺമെന്റ്

പ്ലീഡർ തസ്തികകളിലേയ്ക്ക് അഡ്വക്കേറ്റ് ജനറൽ അയച്ചു തന്ന പാനലിലെ ക്രമ നമ്പർ 1 ആയ അഡ്വ. രാഹുൽ എം., ബി. -17, 'ആതിര', കവടിയാർ ഗാർഡൻസ്, കവടിയാർ. പി.ഒ., തിരുവനന്തപുരം., ക്രമനമ്പർ 2 ആയ അഡ്വ. പ്രവീൺ. സി.പി., 'പാവൂർ വീട്', കോർട്ട് റോഡ്, ഫോർട്ട്, നെയ്യാറ്റിൻകര - 695121. യും ക്രമനമ്പർ 3 ആയ അഡ്വ. അജിത്ത്മോഹൻ. എം.ജെ., 'പത്മനാഭം', കൊല്ലോട്. പി.ഒ., മലയിൻകീഴ് - 695571 എന്നിവരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഗവൺമെന്റ് പ്ലീഡർമാരായി മൂന്ന് വർഷത്തേയ്ക്കോ 60 വയസ് പൂർത്തിയാകുന്നതുവരെയോ ഏതാണോ ആദ്യം, അതുവരെ നിയമിക്കാവുന്നതാണോ ?